## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3329** **01-03-2023 - ൽ മറുപടിയ്ക്ക്**

## നാഷണൽ ഹൈവേകളുടെ നവീകരണത്തിന് ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേകളുടെ നവീകരണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; ഏതെല്ലാം റോഡുകൾക്കാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | സേലം - കൊച്ചി ദേശീയ പാത 544 ( പാലക്കാട് - കൊച്ചി) ന്റെ വികസനത്തിന് 725.63 കോടി രൂപയും പനവേൽ - കന്യാകുമാരി ദേശീയപാത 66 (കാസർഗോഡ് - കാരോട്), ദേശീയപാത 966 എ എന്നിവയ്ക്കായി 26454.12 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | നിർദ്ദിഷ്ട പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേക്ക് ഭൂമി ഏറ്റെടുക്കുന്നതിന് തുക ചെലവഴിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക ആയി 762.37 കോടി രൂപ തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. 3(ഡി) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനു ശേഷം മാത്രമേ BVR, DVS തയ്യാറാക്കി കൃത്യമായ നഷ്ടപരിഹാര തുക നിർണ്ണയിക്കുകയുള്ളൂ. പ്രസ്തുത പദ്ധതിക്കായുള്ള ആകെ ലാന്റ് അക്വിസിഷൻ കോസ്റ്റിന്റെ 25% സംസ്ഥാന സർക്കാർ വഹിക്കുന്നു. |
| (സി) | ഭൂമി ഏറ്റെടുക്കുന്നതിനായി തുക ചെലവഴിക്കേണ്ടിവരുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ ബാധിക്കുമോ; വിശദാംശം നൽകുമോ? | (സി) | നാഷണൽ ഹൈവേകളുടെ നവീകരണം ഭാരതമാല പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കുന്നത്. ഇത് മെച്ചപ്പെട്ട കണക്റ്റിവിറ്റിയും അതിവേഗ റോഡ് ശൃംഖലയും ലക്ഷ്യമിടുന്നു. ചരക്ക് നീക്കം വേഗത്തിലാക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിക്കുന്ന റോഡ് ശൃംഖല അന്താരാഷ്ട്ര വ്യാപാരത്തിൽ ഉയർച്ചയ്ക്ക് സാക്ഷ്യം വഹിക്കും. പദ്ധതിയുടെ ഗുണവശങ്ങളും പൊതു ആവശ്യവും സാമൂഹ്യ ചെലവിനെ അപേക്ഷിച്ച് വളരെ മൂല്യവത്താണ്. |

സെക്ഷൻ ഓഫീസർ